"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - കോട്ടയം മെഡിക്കൽ കോളേജ് - കേന്ദ്രാവിഷ്കൃത പദ്ധതിയായ NPPMBI യുടെ കീഴിലുള്ള ബേൺസ് യൂണിറ്റിന് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.280/2025/H&FWD തീയതി,തിരുവനന്തപുരം, 01-02-2025

---

പരാമർശം:- 1) സ.ഉ (സാധാ)നം.1108/2018/ആകുവ തീയതി 31.03.2018

2) സ.ഉ (സാധാ)നം.1116/2024/ആകുവ തീയതി 06.05.2024

3) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 25.08.2024, 12.10.2024, 13.12.2024 തീയതികളിലെ പി.എ2/578/2019/മെ.വി.വ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോട്ടയം മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ NPPMBI പദ്ധതി പ്രകാരം ബേൺസ് യൂണിറ്റ് ആരംഭിക്കുന്നതിനായി 2.079 കോടി രൂപ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത യൂണിറ്റിന്റെ മനുഷ്യ വിഭവശേഷി ചെലവുകൾക്കായി ആകെ 3.114 കോടി രൂപ കേന്ദ്ര - സംസ്ഥാന വിഹിതമായി പരാമർശം 2 പ്രകാരം അനുവദിച്ചിരുന്നു.

2) പ്രസ്തുത ബേൺസ് യൂണിറ്റിൽ 2022 ജനുവരി മുതൽ 2024 ജൂലൈ വരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ജീവനക്കാർക്ക് മെഡിക്കൽ കോളേജിന്റെ എച്ച്.ഡി.എസ് ഫണ്ടിൽ നിന്നും ആകെ 2,14,22,927/- രൂപ വേതനമായി അനുവദിച്ചിരുന്നതെന്നും ആയതിനാൽ പ്രസ്തുത തുക, പരാമർശം 2 പ്രകാരം അനുവദിച്ചിരുന്ന 3.114 കോടി രൂപയിൽ നിന്നും തിരിച്ചു പിടിക്കാനുള്ള അനുമതിയും ബാക്കി തുകയായ 97,17,073/- രൂപ ചെലവാക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 3 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ NPPMBI പദ്ധതി പ്രകാരം ആരംഭിച്ച

ബേൺസ് യൂണിറ്റിൽ 2022 ജനുവരി മുതൽ 2024 ജൂലൈ വരെ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് എച്ച്.ഡി.എസ് ഫണ്ടിൽ നിന്നും അനുവദിച്ച 2,14,22,927/- രൂപ, മനുഷ്യ വിഭവശേഷി ചെലവുകൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി ഡി.എം.ഇ യുടെ SNA അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത 3.114 കോടി രൂപയിൽ നിന്നും റീ-കൂപ്പ് ചെയ്യുന്നതിന് അനുമതി നൽകികൊണ്ടും, പ്രസ്തുത തുകയിൽ നിന്നും 97,17,073/- രൂപ ബേൺസ് യൂണിറ്റിൽ നിയമിതരായ ജീവനക്കാർക്ക് ആഗസ്റ്റ് 2024 മുതൽ ആഗസ്റ്റ് 2025 വരെ ശമ്പളം നൽകുന്നതിന് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകികൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ/ സൂപ്രണ്ട്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് - ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ- ക്ക്
ധനകാര്യ വകുപ്പ് (1502868/എച്ച്.എൽ.റ്റി -എ2/119/2020/ധന തീയതി 30.01.2025)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
സെക്ഷൻ ഓഫീസർ
Date: 01-02-2025 15:24:27